# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225 — 10.12.2014 -ൽ മറുപടിക്ക്

## സുസ്ഥിര ആരോഗ്യ സേവന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>,, ഇ. കെ. വിജയൻ :<br>,, വി. ശശി :<br>,, കെ. രാജു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിന് സുസ്ഥിര ആരോഗ്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിനും, ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന് സംസ്ഥാനത്തെ 230 സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. (NPCDCS) പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. 'സുസ്ഥിര ആരോഗ്യ സേവന കേന്ദ്രം' എന്ന പേരിൽ പദ്ധതികളൊന്നും ആരോഗ്യ വകുപ്പ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. |
| (ബി) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തന രീതി എന്തായിരിക്കുമെന്ന് വിശദമാക്കുമോ ; | (ബി) ബാധകമല്ല. |
| (സി) സുസ്ഥിരമായ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് ഈ കേന്ദ്രങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) സുസ്ഥിരമായ ആരോഗ്യ സേവന കേന്ദ്രം എന്ന പേരിൽ ആരോഗ്യ വകുപ്പിൽ പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ